ഇലതീനിപ്പുഴുവിനെതിരെ എസ്.ഐ.എൻ.പി.വി. 1.5 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 35 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക അല്ലെങ്കിൽ കെ.വി.കെയിൽ ലഭ്യമായിട്ടുള്ള നിം സോപ്പ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 10 ദിവസത്തെ ഇടവേളകളിൽ തളിച്ച് കൊടുക്കവുന്നതാണ്.

കാബേജിൽ കാണപ്പെടുന്ന രോഗങ്ങളെ ചെറുക്കുന്നതിനായി സ്യൂഡോമൊണാസ് 5 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 15 ദിവസം ഇടവേളകളിൽ സ്പ്രേ ചെയ്ത് കൊടുക്കുക.


തയ്യാറാക്കിയത്
ആഷിബ എ
സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്(അഗ്രോണമി)
ICAR കൃഷി വിജ്ഞാനകേന്ദ്രം
ശാന്തൻപാറ, ഇടുക്കി


# കാബേജ്

## ഒരു ശീതകാല പച്ചക്കറി കൃഷി




**ICAR-Krishi Vigyan Kendra**
**Hosted By: Bapooji Sevak Samaj**
Farm Science Centre, ICAR Govt. of India
Idukki Dist
Pethotty. P.O, Santhanpara, Idukki, Keralala, Pin: 685619
Phone: (04868) 247541, 247715
Email: kvksanthanpara@gmail.com
Website: www.kvkidukki.org

## കാബേജ്

## ഒരു ശീതകാല പച്ചക്കറി കൃഷി

കേരളത്തിൽ ഒക്ടോബർ മുതൽ ജനുവരി വരെയുള്ള തണുപ്പുള്ള മാസങ്ങളിൽ കൃഷി ചെയ്യുവാൻ കഴിയുന്ന പച്ചക്കറിയാണ് കാബേജ്. ഉയർന്ന ഒറ്റപ്പെട്ടപ്രദേശങ്ങളിൽ ജൂൺ മുതൽ സെപ്തംബർ കാലയളവും കൃഷിക്ക് അനുയോജ്യമാണ്.

കാബേജ് കൃഷി ചെയ്യുന്നതിന് കാലാവസ്ഥയും സമയവും വളരെ പ്രധാനപ്പെട്ടതാണ്. കാബേജിന്റെ അഗ്രഭാഗത്ത് ഇലകൾ കൂടിച്ചേർന്ന് ഗോളാകൃതിയിലുണ്ടാകുന്ന ഹെഡ്ഡാണ് പച്ചക്കറിയായി ഉപയോഗിക്കുന്നത്. ഇവ രൂപപ്പെടുന്ന സമയത്തെ താപനില ഏറ്റവും കുറഞ്ഞിരിക്കണം. അതുകൊണ്ട് ഒക്ടോബർ മാസമാണ് വിളവിന് നല്ലത്. തൈകൾ നടുന്നതിന് കാലതാമസം വന്നാൽ വിളവ് ലഭിക്കുവാൻ സാധ്യത കുറവാണ്.

വിത്തിട്ട് മുളപ്പിച്ച തൈകളാണ് നടുവാൻ ഉപയോഗിക്കുന്നത്. വിത്തുകൾ പാകുന്നതിനായി ഒന്നര ഇഞ്ച് ആഴത്തിലുള്ള പ്രോട്രേ ഉപയോഗിക്കാം. ഈ ട്രേയിലേക്ക് ചകിരി കമ്പോസ്റ്റ് വെർമികുലൈറ്റ് പെർലൈറ്റ് എന്നിവ 3:1:1 എന്ന അനുപാതത്തിൽ കൂട്ടിച്ചേർത്ത മിശ്രിതം നിറച്ച് ഒരോ വിത്തു വീതം ഒരോ കുഴിയിൽ പാവുക. ഇതിന് പകരം ചെറിയ തവാരണകളിലും വിത്തുകൾ മുളപ്പിച്ച് എടുക്കാം. നട്ട് 25 ദിവസം മൂപ്പ് എത്തിയ തൈകൾ പറിച്ച് നടാവുന്നതാണ്.

കൃഷിക്ക് നല്ല സൂര്യപ്രകാശവും നനവും ഉള്ള സ്ഥലങ്ങൾ തിരെഞ്ഞെടുക്കണം ഒരു സെന്റിന് 2.5 കിലോ കുമ്മായം/ഡോളമൈറ്റ് ചേർക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഒരടി വീതിയും ഒരടി ഉയരവുമുള്ള ബണ്ടുകൾ രണ്ടടി അകലത്തിൽ എടുക്കണം. ഇതിൽ 45 സെന്റീമീറ്റർ അകലത്തിൽ തൈകൾ നടണം. ഒരു സെന്റ് നടുന്നതിനായി 148 തൈകൾ വേണം. നട്ട തൈകളുടെ ഇലകൾ മണ്ണിൽ മുട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

നട്ട് പത്ത് ദിവസം പ്രായമാകുമ്പോൾ ആദ്യത്തെ വളപ്രയോഗം ചെയ്യാം. സെന്റിന് 1.2 കിലോഗ്രം യൂറിയ, 2 കിലോഗ്രാം രാജ്ഫോസ്, 800 ഗ്രാം പൊട്ടാഷ് എന്ന തോതിൽ കലർത്തി ചെടിയൊന്നിന് 15 മുതൽ 20 ഗ്രാം വീതം ചേർത്ത് കൊടുക്കണം. വളപ്രയോഗത്തിന് മുമ്പ് കളകൾ പറിച്ച് കളയണം. വളപ്രയോഗം മൂന്നാമത്തെയും, അഞ്ചാമത്തെയും ആഴ്ചയിൽ ആവർത്തിക്കുകയും വേണം. വളപ്രയോഗം ചെയ്യുമ്പോൾ ചെടിയുടെ കടക്കൽ നിന്ന് കുറച്ച് വിട്ട് വളം ചെയ്യുവാൻ ശ്രദ്ധിക്കുക.

സൂക്ഷ്മ മൂലകങ്ങളുടെ മിശ്രിതമായ ഐ.ഐ.എച്ച്. ആർ വെജിറ്റബിൾ സ്പെഷ്യൽ 5ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഇലകളിൽ മൂന്ന് തവണകളിലായി തളിച്ച് കൊടുക്കാവുന്നതാണ്. പറിച്ച് നട്ട് 25-30 ദിവസം ആകുമ്പോൾ ആദ്യ സ്പ്രേ കെടുക്കുക. പിന്നിട് 20-25 ദിവസത്തെ ഇടവേളയിൽ രണ്ടാമത്തേയും മൂന്നാമത്തേയും സ്പ്രേ കൊടുക്കേണ്ടതാണ്.

മൂന്നാമത്തെ ആഴ്ച മണ്ണിര കമ്പോസ്റ്റ് കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയ ജൈവവളങ്ങൾ ചെടിയൊന്നിന് 25ഗ്രാം വീതം ചേർത്ത് മണ്ണ് കയറ്റി കൊടുക്കണം പുളിപ്പിച്ച ജൈവവളങ്ങൾ നേർപ്പിച്ച് തളിച്ച് കൊടുക്കുന്നതും നല്ലതാണ്.

കാബേജിൽ കാണപ്പെടുന്ന ഡയമണ്ട് ബാക്ക്മോത്ത് എന്ന കീടത്തെ ചെറുക്കുവാൻ കെ വി കെയിൽ ലഭ്യമായ ഇ പി എൻ 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി 15 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക അല്ലെങ്കിൽ സ്പിനോസൈഡ് 0.5മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 25 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക.